**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1132** **07-12-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി ആറിൽ റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ മീനച്ചിലാറിന്റെ കൈവഴികളായ തീക്കോയി ആറും കളത്തുക്കടവ് ആറും ചേരുന്ന ഭാഗമായ ചേരിപ്പാട്-മക്കൊള്ളി-രണ്ടാറ്റുമുന്നിയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ തീക്കോയി ആറിനു കുറുകെ ചേരിപ്പാട് റെഗുലേറ്റർ കം **ബ്രിഡ്ജ്** നിർമ്മിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ലെവൽസ് എടുത്ത് Feasibility Reportതയ്യാറാക്കിവരുന്നു. ഐ.ഡി.ആർ.ബി നിർദ്ദേശിച്ചതനുസരിച്ച് മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. ഇടതുകരയിൽ അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തീക്കോയി വില്ലേജിൽ നടന്നുവരുന്നു. ഐ.ഡി.ആർ.ബി യിൽ നിന്നും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പൂഞ്ഞാർ മണ്ഡലത്തിൽ തീക്കോയി ആറിനു കുറുകെ ചേരിപ്പാട് റെഗുലേറ്റർ കം **ബ്രിഡ്ജ്** നിർമ്മിക്കുന്നതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ലെവൽസ് എടുത്ത് Feasibility Reportതയ്യാറാക്കിവരുന്നു. ഐ.ഡി.ആർ.ബി നിർദ്ദേശിച്ചതനുസരിച്ച് മണ്ണ് പര്യവേഷണ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് ഡിസൈൻ ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. ഇടതുകരയിൽ അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ തീക്കോയി വില്ലേജിൽ നടന്നുവരുന്നു. ഐ.ഡി.ആർ.ബി യിൽ നിന്നും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ